[Mr. E. Ikkanda Warriar]

disease. A demonstration of the measures is given in a plot of 50 trees in Ochenthuruth by the Agricultural Department. A larger demonstration on a plot of 10 acres is also proposed to be undertaken at a cost of Rs. 3,000 per year to be financed by the Indian Central Cocoanut Committee.

*Note.*—The disease referred to are the root and leaf disease of cocoanuts on which investigations were being carried on during the last 12 years by the Indian Council of Agricultural Research and now by the Indian Central Cocoanut Committee at Kayamkulam. The final word as to the cause of the diseases and the remedial measures have not been given by the Experts. What is now recommended is only the adoption of certain palliative measures to control the disease and fortunately enough these measures check the diseases to a great extent.

മിസ്റ്റർ പി. കെ. കൃഷ്ണൻകുട്ടിമേനോൻ: Indian Coconut Committee യുടെ ശാഖ ഈ രാജ്യത്തു സ്ഥാപിച്ചിട്ടുണ്ടോ!

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ; കായങ്കുളത്തു് ഒരു ശാഖയുണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ: ഡെമോൺസേ്ടഷന്നു പുറമെ കർഷകർക്കു ഇതിന്നുവേണ്ട നിവാരണങ്ങൾ ചെയ്യുന്നതിനുവേണ്ടി വിജ്ഞാപനങ്ങൾമൂലവും മറ്റും വല്ല ഉപദേശങ്ങളും നൽകിയിട്ടുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അഗ്രിക്കൾച്ചറൽ ഇൻസ്പെക്ടേഴ്സ് മുഖാന്തിരം അവക്കുവേണ്ട ഉപദേശങ്ങൾ കൊടുക്കുവാൻ ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ: വല്ല leaflet-ും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: നോട്ടീസുവേണം.

മിസ്റ്റർ പി. കെ. ഡീവർ: ഇല്ലെങ്കിൽ അതിനെപ്പറ്റി ആലോചിക്കാമൊ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ആലോചിക്കാം.

**CANDIDATE FOR L. I. M. COURSE FROM PERUMANNAN CASTE—PARTICULARS OF**

**100.** (178) മിസ്റ്റർ പി. എസ്സ്. മാധവൻവൈദ്യർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു മറുപടി പറയുവാൻ ബഹുമാനപ്പെട്ട ഗവർമ്മെണ്ടിനു ദയവുണ്ടാകുമോ.—

(എ) പെരുമണ്ണാൻ സമുദായത്തിൽനിന്നും ഒരാളെ എൽ. ഐ. എം. കോഴ്സിന്നു അയക്കുവാൻ ഗവർമ്മെണ്ടു തീരുമാനിച്ചിരുന്നുവോ;

(ബി) ഈ ആവശ്യത്തിന്നായി ഗവർമ്മെണ്ടു ഫറോനയിലെ ബഡ്ജറ്റിൽ എന്തെങ്കിലും സംഖ്യ വക കൊള്ളിക്കുകയുണ്ടായൊ;

(സി) അതനുസരിച്ചു കോഴ്സിനു ആരെയെങ്കിലും തിരഞ്ഞെടുത്തയച്ചുവോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ടു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഉവ്വു.

(ബി) സംഖ്യ കൊള്ളിക്കുകയുണ്ടായി.

(സി) ഇല്ല.

(ഡി) പരീക്ഷായോഗ്യതയുള്ള അപേക്ഷകന്മാർ ഇല്ലാത്തതിനാൽ.

മിസ്റ്റർ സി. സി. പ്രസാദ്; ഇതിനു് ആവശ്യമുള്ള പരീക്ഷായോഗ്യതയെന്താണു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: മദിരാശിയിലെ ആയുർവ്വേദകോളേജിൽ admit ചെയ്യണമെങ്കിൽ അവർ ചില പരീക്ഷായോഗ്യത നിശ്ചയിച്ചിട്ടുണ്ടു്. അതു് അച്ചടിച്ച കോപ്പി എന്റെ കയ്യിൽ ഉണ്ടു്, വായിക്കണമെങ്കിൽ അങ്ങിനെചെയ്യാം.

മിസ്റ്റർ പി. കെ. ഡീവർ: ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടു് ഈ course-നു പോകുവാൻ തയ്യാറുള്ളവരുടെ അപേക്ഷകൾ ക്ഷണിച്ചുകൊണ്ടു് ഗവർമ്മെണ്ടു വല്ല പരസ്യവും ചെയ്തുകയുണ്ടായോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഗസറ്റിൽ പരസ്യംചെയ്തു. ഇന്നദിവസം അപേക്ഷിക്കണമെന്നു അതിൽ പറഞ്ഞിരുന്നു. ആ സമയത്തിന്നുള്ളിൽ അപേക്ഷകൾ ഒന്നും കിട്ടാഞ്ഞതുകൊണ്ടു് പിന്നെയും സമയം നീട്ടി പരസ്യം ചെയ്തു. എന്നിട്ടും അപേക്ഷകൾ ഒന്നും കിട്ടിയില്ല.

LIBRARY ARCHIVES Kerala Legislative Assembly